**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മിറ്റി റിപ്പോർട്ടും വേതന സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയാളം സിനിമാ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ പഠിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിന് ശേഷം രൂപീകരിച്ച 'സിനിമാ നയത്തിൽ' ജൂനിയർ ആർട്ടിസ്റ്റുകളുടെ വേതന സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | മലയാള സിനിമയ്ക്ക് സമഗ്രമായ ഒരു ചലച്ചിത്രനയം രൂപീകരിക്കുന്നതിനുവേണ്ടി യശ:ശരീരനായ ചലച്ചിത്രകാരൻ ഷാജി എൻ. കരുൺ ചെയർമാനായി 2023 ജൂണിൽ ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി 2024 നവംബർ വരെയുള്ള ഒരു വർഷക്കാലയളവിൽ 75 - ഓളം സംഘടനകളുമായി 20 ഘട്ടങ്ങളിൽ ചർച്ച നടത്തുകയും 500 - ൽപ്പരം വ്യക്തികളുമായി മുഖാമുഖം നടത്തുകയും ചെയ്തിരുന്നു. ഈ ആശയ വിനിമയത്തിൽ നിന്ന് ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ചർച്ചാക്കുറിപ്പുകളായി 2025 ആഗസ്റ്റ് 2,3 തീയതികളിൽ നിയമസഭാ മന്ദിരത്തിൽ നടന്ന കേരള ഫിലിം പോളിസി കോൺക്ലേവിൽ അവതരിപ്പിക്കുകയുണ്ടായി. 600 - ഓളം ചലച്ചിത്ര പ്രവർത്തകർ പങ്കെടുത്ത കോൺക്ലേവിൽ പങ്കുവെച്ച അഭിപ്രായങ്ങൾ കൂടി ക്രോഡീകരിച്ചുകൊണ്ട് തയ്യാറാക്കിയ കരട് സിനിമാ നയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ